# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5035 22.05.2017 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ മാനേജ്മെന്റുകളുടെ നിയന്ത്രണം

*ചോദ്യം*

ശ്രീ.കെ. ബാബു :

*ഉത്തരം*

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം നിയമങ്ങളാണ് ഉള്ളതെന്നും പുതുതായി എന്തെല്ലാം നിയമങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി., എ ഐ സി റ്റി ഇ, കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ചാണ് അവലോകനം ചെയ്തുവരുന്നത്. എന്നാൽ സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ സ.ഉ.(എം.എസ്) നം.37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ വിവിധ തരത്തിലുള്ള എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള സ്വാശ്രയ കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ കോളേജുകൾ

| | വിഭാഗം | കോളേജുകളുടെ എണ്ണം |
|---|---|---|
| 1 | ആർട്സ് & സയൻസ് കോളേജ് | 173 |
| 2 | അറബിക് കോളേജ് | 24 |
| 3 | ലോ കോളേജ് | 8 |
| 4 | ട്രെയിനിങ് കോളേജ് | 58 |
| 5 | എം.ബി.എ. / എം.സി.എ. കോളേജ് | 27 |
| 6 | എൻജിനീയറിംങ് കോളേജ് | 33 |
| 7 | ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് | 1 |
| | **ആകെ** | **324** |

## എ.പി.ജെ. അബ്ദുൾ കലാം സാങ്കേതി ശാസ്ത്ര സർവ്വകലാശാലയുടെ

| | വിഭാഗം | കോളേജുകളുടെ എണ്ണം |
|---|---|---|
| 1 | സ്വാശ്രയ മേഖല | 119 |
| 2 | സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖല | 22 |
| | **ആകെ** | **141** |

## എം.ജി. സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകൾ

| | വിഭാഗം | കോളേജുകളുടെ എണ്ണം |
|---|---|---|
| 1 | ആർട്ടസ് & സയൻസ് കോളേജ് | 137 |
| 2 | ആർക്കിടെക്ചർ കോളേജുകൾ | 7 |
| | **ആകെ** | **144** |

## വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജ്

| | വിഭാഗം | കോളേജുകളുടെ എണ്ണം |
|---|---|---|
| 1 | സാരഥി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസ് | 1 |
| | ആകെ | 1 |

## കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജ്

| | വിഭാഗം | കോളേജുകളുടെ എണ്ണം |
|---|---|---|
| 1 | ആർട്സ് & സയൻസ് കോളേജ് | 54 |
| 2 | എം.ബി.എ. / എം.സി.എ. കോളേജ് | 6 |
| 3 | ഓറിയന്റൽ കോളേജ് (അറബിക്) | 6 |
| 4 | ബി.എഡ് . കോളേജ് | 10 |
| | ആകെ | 76 |

**കേരള യൂണിവേഴ്സിറ്റി ഒഫ് ഹെൽത്ത് സയൻസ് സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജ്**

| | വിഭാഗം | കോളേജുകളുടെ എണ്ണം |
|---|---|---|
| 1 | ആയുർവേദ | 12 |
| 2 | ഹോമിയോ | 0 |
| 3 | സിദ്ധ | 1 |
| 4 | യൂനാനി | 1 |
| 5 | ഡെന്റൽ | 20 |
| 6 | മെഡിക്കൽ | 23 |
| 7 | ഫാർമസി | 37 |
| 8 | പാരാമെഡിക്കൽ | 33 |
| 9 | നഴ്സിംഗ് | 113 |
| | **ആകെ** | **240** |

## കേരള സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജ്

| | വിഭാഗം | പ്രൈവറ്റ് | അൺഎയ്ഡഡ് | ആകെ |
|---|---|---|---|---|
| 1 | ആർട്സ് & സയൻസ് | | 52 | 52 |
| 2 | ലാ | 1 | 4 | 5 |
| 3 | എഞ്ചിനീയറിംഗ് | | 39 | 39 |
| 4 | ആർക്കിടെക്ചർ | | 2 | 2 |
| 5 | ട്രെനിംഗ് | | 42 | 42 |
| 6 | സ്പെഷ്യൽ എഡ്യൂക്കേഷൻ | | 1 | 1 |
| 7 | ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് | | 3 | 3 |
| 8 | എം ബി എ | | 9 | 9 |
| 9 | എം.സി.എ. | | 4 | 4 |
| 10 | ഫാഷൻ ടെക്നോളജി | | 1 | 1 |
| | **ആകെ** | **1** | **157** | **158** |

സെക്ഷൻ ഓഫീസർ